**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1197** **07-10-2021 - ൽ മറുപടിയ്ക്ക്**

**പൊന്നാനി-ആൽത്തറ-ഗുരുവായൂർ റോഡിലെ കുണ്ടുകടവ് പാലം പുനർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊന്നാനി-ആൽത്തറ-ഗുരുവായൂർ റോഡിലെ കുണ്ടുകടവ് പാലം അപകടത്തിലാണെന്ന് റിപ്പോർട്ട് നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും പുതിയ പാലം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി പാലം പുനർനിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (എ) | മലപ്പുറം ജില്ലയിൽ പൊന്നാനി നിയോജക മണ്ഡലത്തിൽ പൊന്നാനിയേയും മാറഞ്ചേരിയേയും ബന്ധിപ്പിച്ചുകൊണ്ട് ഗുരുവായൂർ - ആൽത്തറ – പൊന്നാനി പി.ഡബ്ള്യു.ഡി റോഡിൽ ബിയ്യം കായലിനു കുറുകെയാണ് പ്രസ്തുത പാലം സ്ഥിതി ചെയ്യുന്നത്. പൊന്നാനി നിയോജക മണ്ഡലത്തെ മറ്റു ടൗണുകളുമായി ബന്ധിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പാതയാണിത്. 60 വർഷത്തിൽ കൂടുതൽ കാലപ്പഴക്കമുള്ള ഈ പാലത്തിന്റെ പ്രീകാസ്റ്റഡ് പൈലുകൾ, പിയറുകൾ, ബീമുകൾ, സ്ളാബ് തുടങ്ങിയവയുടെയെല്ലാം കോൺക്രീറ്റ് അടർന്നു വീഴുകയും കമ്പികൾ ദ്രവിച്ച അവസ്ഥയിലുമാണ്. അതുകൊണ്ടുതന്നെ ഈ പാലത്തിലൂ ടെയുള്ള ഗതാഗതം ഏത് സമയത്തും തടസ്സപ്പെടാവുന്നതാണ്. ഡിസൈൻ ഉദ്യോഗസ്ഥർ പ്രസ്തുത പാലം സന്ദർശിച്ചതിനു ശേഷം പാലം പുനർനിർമ്മാണത്തിനു നിർദ്ദേശം നൽകുകയും. അതിൻ പ്രകാരം 2017-ൽ മണ്ണ് പര്യവേഷണം പൂർത്തിയാക്കി ഡിസൈൻ ലഭ്യമാക്കുകയും ചെയ്തു. തുടർന്ന് ബഡ്ജറ്റ് 2020 - 21ൽ 100 രൂപ ടോക്കൺ പ്രൊവിഷൻ ലഭിച്ചതിനെ തുടർന്ന് എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമാക്കിയെങ്കിലും ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം ഭരണാനുമതി നൽകിയിരുന്നില്ല. പാലത്തിന്റെ ശോചനീയാവസ്ഥ മനസ്സിലാക്കുന്നതിനു വേണ്ടി പൊതുമരാമത്തു വകുപ്പ്, ബ്രിഡ്ജ് കണ്ടിഷൻ ഇൻഡക്സ് സ്റ്റഡി നടത്തുകയുണ്ടായി. ആ പരിശോധനയിൽ ബ്രിഡ്ജ് കണ്ടിഷൻ ഇൻഡക്സ് വാല്യൂ 1 എന്നാണ് ലഭിക്കുകയുണ്ടായത്. ആയതു പ്രകാരം പ്രസ്തുത പാലത്തിനു പുനർ നിർമ്മാണം അത്യാവശ്യമാണ്. പ്രസ്തുത പാലത്തിന് (ക്രമ. നം. 11) 2600 ലക്ഷം രൂപയ്ക്ക് AS Committee മുമ്പാകെ 100 രൂപ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തി പ്രൊപ്പോസൽ വരുകയും |

| | | | |
|---|---|---|---|
| | | | കമ്മറ്റിയുടെ ശുപാർശയോടെ ധനകാര്യ വകുപ്പിനു അഭിപ്രായത്തിനായി അയയ്ക്കുകയും പ്രസ്തുത വകുപ്പ് 2018 DsoR പ്രകാരം എസ്റ്റിമേറ്റ് പുനർ സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം കുണ്ടുകടവ് പാലം പുനർ നിർമ്മാണം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനു വേണ്ടി സമർപ്പിച്ച 2930 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലുമാണ്. |

സെക്ഷൻ ഓഫീസർ